# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം **5417** — 06/07/2012 - ൽ മറുപടിയ്ക്ക്

**അടൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയെ ആശുപത്രിയായി ഉയർത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | അടൂർ നിയോജകമണ്ഡലത്തിലുള്ള ഏറത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന അടൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തണമെന്നുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ; | (ബി) & (സി) | ടി നിവേദനം ജില്ലാ ഓഫീസർക്ക് അയച്ചുകൊടുക്കുകയും ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കി തരുന്നതിനും പഞ്ചായത്തിന്റെ തീരുമാനം ലഭ്യമാക്കുന്നതിനും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചായത്തിലെ പ്രാദേശിക ആരോഗ്യരംഗത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് നിവേദനത്തിനുള്ള പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ